# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

KEEC

(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN M.P | K.P DHANAPALAN Ex.M.P<br>9447083300 | Adv. SIBYKUTTY FRANCIS<br>9447303578 | NAZEER.M<br>9447241503 |


No. KEEC/GL/2024/39

തിരുവനന്തപുരം
18.07.2024

സ്വീകർത്താവ്

ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവനം, പട്ടം
തിരുവനന്തപുരം

സർ,

വിഷയം : കാലാവധി കഴിയുവാൻ പോകുന്ന എംപ്ലോയീസ് കോഓപ്പറേറ്റീവ് സൊസൈറ്റി ബോർഡ് അംഗങ്ങൾക്ക് പ്രൊട്ടക്ഷൻ HRI's ഡ്രാഫ്റ്റ് ലിസ്റ്റിൽ പബ്ലിഷ് ചെയ്തിരിക്കുന്നതിലുള്ള വിയോജിപ്പും, നിയമവിരുദ്ധതയും ചൂണ്ടിക്കാണിക്കുന്നത് സംബന്ധിച്ച്.

സൂചന : 1 ജനറൽ ട്രാൻസ്ഫർ 2024 വർക്കുമെൻ വിഭാഗം അപേക്ഷ ഓൺലൈൻ ആയി നൽകാനുള്ള 27.6.2024 ലെ ഉത്തരവ്

2 KSEBL 2024 ജനറൽ ട്രാൻസ്ഫർ HRI's ൽ പബ്ലിഷ് ചെയ്തിരിക്കുന്ന പ്രൊട്ടക്ഷൻ ലിസ്റ്റ്

3 ഇലക്ട്രിസിറ്റി എംപ്ലോയീസ് സൊസൈറ്റി ഇലക്ഷൻ നോട്ടിഫിക്കേഷൻ പാല 12.6.2024

4 ഇലക്ട്രിസിറ്റി എംപ്ലോയീസ് സൊസൈറ്റി ഇലക്ഷൻ നോട്ടിഫിക്കേഷൻ ആലപ്പുഴ 27.6.2024

5 ഇലക്ട്രിസിറ്റി എംപ്ലോയീസ് സൊസൈറ്റി ഇലക്ഷൻ നോട്ടിഫിക്കേഷൻ മാവേലിക്കര 8.7.2024

സൂചന 1 സർക്കുലർ പ്രകാരം 27.6.2024 ൽ ജനറൽ ട്രാൻസ്ഫർ 2024 ട്രാൻസ്ഫർ ലഭിക്കുവാനുള്ള അപേക്ഷകൾ ക്ഷണിച്ച് സർക്കുലർ ചീഫ് എഞ്ചിനീയർ (HRM) പുറത്തിറക്കിയിരുന്നു. 25.6.2024 ൽ KSEBL യൂണിയൻ /സൊസൈറ്റി പ്രൊട്ടക്ഷൻ ഉൾപ്പടെയുള്ള ലിസ്റ്റുകൾ HRI'S ൽ പബ്ലിഷ് ചെയ്തിരുന്നു. KSEBL നാളുകളായ KSEB എംപ്ലോയീസ് സഹകര സംഘങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ഡയറക്ടർമാർക്ക് സ്ഥലമാറ്റത്തിൽ സംരക്ഷണം നൽകിവരുന്നുണ്ട്. 2024 ൽ KSEBL HRI'S ലൂടെ പ്രസിദ്ധപ്പെടുത്തിയ എംപ്ലോയീസ് സഹകരസംഘം ഡയറക്ടർമാരുടെ പ്രൊട്ടക്ഷൻ ലിസ്റ്റിൽ (സൂചന 2) കാലാവധി കഴിയാൻ പോകുന്ന അടുത്ത ഇലക്ഷനുവേണ്ടി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള സഹകരണസംഘം ഡയറക്ടർമാർക്ക് നിയമവിരുദ്ധമായി പ്രൊട്ടക്ഷൻ നൽകിയിരിക്കുകയാണ്.

1. പാല സൊസൈറ്റിയിലേക്കുള്ള തെരഞ്ഞെടുപ്പ് വിജ്ഞാപനം വന്നത് 12.6.2024 ൽ ആകുന്നു. (സൂചന 3). KSEBL പ്രൊട്ടക്ഷൻ ലിസ്റ്റ് പബ്ലിഷ് ചെയ്തിരിക്കുന്നത് 25.6.2024 ആണ്. 12.6.2024 ൽ വിജ്ഞാപനം വന്നതിനുശേഷം പബ്ലിഷ് ചെയ്ത പ്രൊട്ടക്ഷൻ ലിസ്റ്റിൽ എങ്ങനെ മുൻ ഭാരവാഹികൾ ഉൾപ്പെട്ടു എന്നത് പരിശോധിക്കേണ്ടതാണ്. മാത്രവുമല്ല അവിടെ ഇലക്ഷൻ 18.6.2024 ൽ നടക്കുവാൻ പോകുകയാണ്. സ്വാഭാവികമായും 18.6.2024 നു ശേഷം പ്രൊട്ടക്ഷൻ കിട്ടിയവരും അതിനർഹരല്ല. കാരണം രണ്ടാം പ്രാവശ്യം തെരെഞ്ഞെടുക്കപ്പെട്ടാലും ഗൈഡ്ലൈൻ അനുസരിച്ച് ഒരാൾക്ക് ഒരു കാലാവധിയിൽ മാത്രമേ മേൽ പ്രൊട്ടക്ഷന് അർഹതയുള്ളൂ.

2. ആലപ്പുഴ സൊസൈറ്റിയിലേക്കുള്ള നോട്ടിഫിക്കേഷൻ 27.6.2024 ൽ പ്രസിദ്ധപ്പെടുത്തി (സൂചന 4) അവിടുത്തെ ഇലക്ഷൻ ആഗസ്റ്റ് ആദ്യവാരം ആണ്. ഇലക്ഷനുശേഷം മാത്രം പുറത്തിറങ്ങേണ്ടുന്ന ജനറൽ ട്രാൻസ്ഫറിൽ അപ്പോൾ സൊസൈറ്റിയിൽ ഡയറക്ടർ ബോർഡ് അംഗം അല്ലാത്ത ഒരാളിന് പ്രൊട്ടക്ഷൻ നൽകുന്നത് സാമാന്യ നീതിക്കു നിരക്കുന്നതല്ലല്ലോ.

3. മാവേലിക്കര സൊസൈറ്റിയിലേക്കുള്ള നോട്ടിഫിക്കേഷൻ 8.7.2024 ൽ പ്രസിദ്ധപ്പെടുത്തി (സൂചന 5). ഇവിടെ നടന്നുവരുന്നത് നിലവിലുള്ളവർക്കും സംരക്ഷണം അടുത്ത തെരഞ്ഞെടുക്കപ്പെടുന്ന ഡയറക്ടർമാർക്കും സംരക്ഷണം. ചുരുക്കത്തില് നിരവധി പേർക്ക് സംരക്ഷണം നൽകേണ്ടിവരുന്നു. ആലപ്പുഴ പോലെയൊരു ജില്ലയിൽ domicile ൽ നിന്നും പുറത്ത് ട്രാൻസ്ഫർ ആയവർക്ക് 5 വർഷം കഴിഞ്ഞാലും സ്വന്തം domicile ലേക്ക് ട്രാൻസ്ഫർ കിട്ടാത്ത സാഹചര്യം ഉള്ളപ്പോഴാണ് അനർഹർക്കു പ്രൊട്ടക്ഷൻ നൽകുന്നത്, ജനറൽ ട്രാൻസ്ഫർ യൂണിയൻ/സൊസൈറ്റി പ്രൊട്ടക്ഷൻ അപേക്ഷിക്കേണ്ടുന്ന അവസാന തീയതി ട്രാൻസ്ഫർ അപേക്ഷ വിളിക്കുന്നതിന്റെ തൊട്ടു തലേദിവസമാണ്. അപ്പോൾ പുതിയതായി തെരെഞ്ഞെടുക്കപ്പെടുന്നവർക്ക് HRI's ലൂടെ പ്രൊട്ടെക്ഷനിലൂടെ അപേക്ഷിക്കാൻ സാധിക്കില്ല. അവർക്കു manual operation ലൂടെ പിന്നീട് protection നൽകും. അങ്ങനെ ഒരു സഹകരണ സംഘത്തിൽ ഡയറക്ടർ 13 ആണെങ്കിലും 26 പേർക്ക് സംരക്ഷണം നൽകുന്ന വിചിത്രമായ പോസ്റ്റിങ്ങ് സ്ട്രെങ്ത് നടപ്പാക്കുന്നതും അതുവഴി നിരവധി അർഹരായിട്ടുള്ളവർക്ക് സ്വന്തം നാട്ടിലേക്ക് ട്രാൻസ്ഫർ നിഷേധിക്കുന്നതും സാമാന്യ നീതിക്ക് നിരക്കുന്നതല്ല. കഴിഞ്ഞ വർഷങ്ങളിൽ ജനറൽ ട്രാൻസ്ഫറിന് മുമ്പ് പല ഓഫീസുകളിലും പോസ്റ്റിങ്ങ് സ്ട്രെങ്ത് zero ആക്കുകയും പിന്നീട് മുകളിൽ കാണിച്ചതുപോലെയുള്ള അനർഹ സംരക്ഷണങ്ങൾക്കുവേണ്ടി പോസ്റ്റിങ്ങ് സ്ട്രെങ്ത് കൂട്ടുകയും ചെയ്തുവെന്നത് മറ്റൊരു സത്യമാണ്. ഇക്കൊല്ലം അങ്ങനെയുണ്ടാകാൻ സാധ്യത പ്രതീക്ഷിക്കുന്നു. ജനറൽ ട്രാൻസ്ഫർ ഉത്തരവുകൾ പുറത്തിറങ്ങുമ്പോഴേക്കും മേൽ സൂചിപ്പിച്ച 3 സൊസൈറ്റികളിലും പുതിയ directors ചാർജ് ഏറ്റെടുക്കുമെന്നതിനാൽ മുൻ directors നു പ്രൊട്ടക്ഷന് യാതൊരു അവകാശവുമില്ല. അപേക്ഷിക്കേണ്ട സമയത്ത് പുതിയത് അപേക്ഷിക്കാൻ സാധിക്കാത്തതുകൊണ്ട് അവർക്കു നല്കാൻ സാധിക്കില്ല. മേൽ ഒഴിവുകൾ സാധാരണ ജീവനക്കാർക്ക് ലഭിക്കേണ്ടതാണ്. ആയതിനാൽ വസ്തുതകൾ പരിശോധിച്ച് അനർഹമായ പ്രൊട്ടക്ഷനുകൾ റദ്ദ് ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. (സൂചന 2 പ്രൊട്ടക്ഷൻ ലിസ്റ്റിൽ highlight ചെയ്തിരിക്കുന്ന പേരുകളാണ് കാലാവധി തീരുന്ന സൊസൈറ്റികളിലെ ഡയറക്ടർ ബോർഡ് അംഗങ്ങൾ)

വിശ്വസ്തതയോടെ,

| കെ.പി.ധനപാലൻ Ex.MP | അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ് | നസീർ.എം |
|---|---|---|
| പ്രസിഡന്റ് | വർക്കിംഗ് പ്രസിഡന്റ് | ജനറൽ സെക്രട്ടറി |

Copy to
The Chief Personnel Officer
KSEB Ltd
Vaidyuthy Bhavan, Pattom

KERALA ELECTRICITY EMPLOYEES CONFEDERATION Reg. No. 01-14/87 AFFI. No. 10488 ★ INTUC ★